(എഫ്) നിയമവിരുദ്ധമായ നടപടിക്രമങ്ങളിലൂടെ എടുത്ത നടപടികൾക്കെതിരെ വകുപ്പുതല അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ജി) ഇത് സംബന്ധമായി, EC6-37583/09/DHS dated 14-6-2010 നമ്പറായി ഹെൽത്ത് ഡയറക്ടർ ഹെൽത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എച്ച്) ശ്രീ. അബ്ദുറഹിമാന് നീതി ലഭിക്കാനും ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉത്തരവിട്ടിരുന്നു.

(ബി) അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിന് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(സി) 2-7-2005 മുതൽ മുൻകാല പ്രാബല്യത്തോടെ 29-1-2009-ൽ സർവ്വീസിൽനിന്ന് നീക്കംചെയ്തു.

(ഡി) ഉണ്ട്.

(ഇ-എച്ച്) ഇക്കാര്യത്തിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്ന് വിശദമായ റിപ്പോർട്ടുവാങ്ങി അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്.

**സി-മെറ്റിന്റെകീഴിൽ പുതുതായി സ്ഥാപനങ്ങൾ**

**58 (1784)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സി-മെറ്റ്) എന്നാണ് സ്ഥാപിതമായത് ; ആരൊക്കെയാണ് ഈ സ്ഥാപനത്തിന്റെ ഭരണ സാരഥികൾ ;

(ബി) "സി-മെറ്റി'-ന്റെ നിയന്ത്രണത്തിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് സ്ഥാപിതമായത് ; ഇവിടങ്ങളിൽ ഏതൊക്കെ കോഴ്സുകൾക്കായി എത്ര വീതം സീറ്റുകൾ നിലവിലുണ്ട് ;

(സി) സി-മെറ്റിന്റെകീഴിൽ പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008 മേയ് മാസം 23-ാം തീയതി സി-മെറ്റ് നിലവിൽവന്നു.

ഭരണ സാരഥികൾ :

(1) ചെയർപേഴ്സൺ - ബഹു. ആരോഗ്യവകുപ്പുമന്ത്രി

(2) വൈസ് ചെയർപേഴ്സൺ - സെക്രട്ടറി, ആരോഗ്യവകുപ്പ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

| ക്രമ നമ്പർ | സി-മെറ്റിന്റെ നിയന്ത്രണത്തിൽ സ്ഥാപിച്ച സ്ഥാപനങ്ങൾ | കോഴ്സ് | സീറ്റുകൾ |
|---|---|---|---|
| 1 | സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, മലമ്പുഴ, പാലക്കാട് | ബി.എസ്സി. നേഴ്സിംഗ് | 60 |
| 2 | സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, ഉദുമ, കാസറഗോഡ് ജില്ല | ബി.എസ്സി. നേഴ്സിംഗ് | 60 |
| 3 | സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ് പള്ളുരുത്തി, എറണാകുളം ജില്ല | ബി.എസ്സി. നേഴ്സിംഗ് | 60 |
| 4. | സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ് തൃപ്പൂണിത്തുറ, എറണാകുളം ജില്ല നേഴ്സിംഗ് | പോസ്റ്റ് ബേസിക് ബി.എസ്സി. | 30 |
| 5 | സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ് മുണ്ടൂർ, പാലക്കാട് ജില്ല നേഴ്സിംഗ് | പോസ്റ്റ് ബേസിക് ബി.എസ്സി. | 30 |
| 6 | സി-മെറ്റ് കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസസ്, പയ്യന്നൂർ, പിലാത്തറ പി.ഒ., കണ്ണൂർ ജില്ല | ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി | 30 |
| 7 | സി-മെറ്റ് കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസസ് കുഴൽമന്ദം പഴമ്പാലക്കോട് പി.ഒ., പാലക്കാട് ജില്ല | ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ | 30 |

(സി)

| | | |
|---|---|---|
| 1 | സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, മഞ്ചേരി, മലപ്പുറം ജില്ല | ബി.എസ്സി. നഴ്സിംഗ് |
| 2 | സി-മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, മങ്ങാട്ടുപറമ്പ്, കണ്ണൂർ ജില്ല | പോസ്റ്റ് ബേസിക്, ബി.എസ്സി. നേഴ്സിംഗ് |

**അപമര്യാദയായി പെരുമാറുന്ന സെക്യൂരിറ്റി ജീവനക്കാർക്കെതിരെ നടപടി**

**59 (1785)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ജനുവരി മുതൽ നാളിതുവരെ തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.ടി. ആശുപത്രി എന്നിവിടങ്ങളിലെ സെക്യൂരിറ്റി ജീവനക്കാർ മർദ്ദിച്ചു എന്നോ, അപമര്യാദയായി പെരുമാറിയെന്നോ ഉള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly